PURNIMA ARAVIND
Pournami,
Kanjirappara P.O.,
Kottayam.

Topic: Padayanippattukal : Language, Narration & Society

Centre for Research:-

N.S.S. Hindu College, Changanacherry

Supervising Teacher

Dr. M.Indulekha
Associate Professor,
Dept. of Malayalam,
N.S.S. Hindu College,
Changanacherry.

ഉള്ളടക്കം

ആമുഖം

അധ്യായം ഒന്ന്

പടയണി സാമാന്യവിവരണം

1. പടയണി
2. ചടങ്ങുകൾ

അധ്യായം രണ്ട്

ഭാഷ

1. കോലങ്ങൾ
2. പുലവൃത്തം
3. വിനോദം

അധ്യായം മൂന്ന്

ആഖ്യാനം

1. കോലങ്ങൾ
2. വിനോദം

അധ്യായം നാല്

സാമൂഹികാംശങ്ങൾ

1. കോലംതുള്ളൽ
2. പുലവൃത്തം
3. വിനോദം

അധ്യായം അഞ്ച്

ഉപസംഹാരം

നിഗമനങ്ങൾ

ആമുഖം

മധ്യതിരുവിതാംകൂറിലെ അനുഷ്ഠാനകലാരൂപമാണ് പടയണി. കേരളത്തിന്റെ തനതുപാരമ്പര്യം കാത്തുസൂക്ഷിക്കുന്ന അനുഷ്ഠാനകലകളിൽ പടയണിക്കുള്ള പ്രാമാണിത്വം അന്യാദൃശമാണ്. വേഷവിധാനത്തിലും ഭാഷയിലും ബിംബയോജനയിലും മാത്രമല്ല ഗാനാത്മകതയിലും പടയണിക്ക് നിത്യനൂതനത്വം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഭഗവതീസ്തുതിപരങ്ങളായ പാട്ടുകളാണ് പടയണിയിൽ ഉപയോഗിച്ചുവരുന്നത്. വാമൊഴിയിലൂടെ കൈമാറിവന്നപ്പോഴുണ്ടായ മാറ്റങ്ങൾ പടയണിപ്പാട്ടുകളിൽ ദൃശ്യമാണ്. ആവുന്നത്ര ഉച്ചത്തിൽ ഭാവാത്മകതയോടെയാണ് പാട്ടുകൾ പാടുന്നത്. അതാണ് പടയണിപ്പാട്ടുകളുടെ ശക്തിയും സൗന്ദര്യവും. പടയണിപ്പാട്ടുകളിലെ ഭാഷ, സാമൂഹികാംശങ്ങൾ, ആഖ്യാനസവിശേഷതകൾ എന്നിവയുടെ അന്വേഷണമാണ് പ്രബന്ധത്തിൽ പ്രധാനമായും ലക്ഷ്യമാക്കുന്നത്.

അധ്യായം ഒന്ന്

പടയണി സാമാന്യവിവരണം

1. പടയണി

മധ്യതിരുവിതാംകൂറിന്റെ അനുഷ്ഠാനകലാരൂപമാണ് പടയണി. പടേണി, പടേനി, ഭടശ്രേണി എന്നിങ്ങനെ വിവിധരീതികളിൽ അറിയപ്പെടുന്ന ഈ അനുഷ്ഠാനകലയുടെ ഉത്ഭവത്തെക്കുറിച്ച് അഭിപ്രായഭേദങ്ങളുണ്ട്.

"പണ്ടൊരു പടയണി കാണ്മാൻ നമ്മെ-
ക്കൊണ്ടു പുറപ്പെട്ടാനീ വിദ്വാൻ"

എന്ന അനുഗൃഹീതകവി കുഞ്ചൻനമ്പ്യാരുടെ വരികൾ, ഇന്ന് നാം കാണുന്ന പടയണിയെക്കുറിച്ചുള്ള സൂചനയാവാം നല്കുന്നത്.

കാളീദാരികകഥയാണ് പടയണിക്കാധാരം. ദേവാസുരയുദ്ധത്തിൽ അവശേഷിച്ചവരാണ് ദാരുമതിയും ദാനവതിയും. ഇവർ ബ്രഹ്മാവിനെ തപസ്സുചെയ്തു. ഇവരുടെ തപസ്സിൽ പ്രീതനായ ബ്രഹ്മാവിന്റെ വരബലത്താൽ ജനിച്ചപുത്രന്മാരാണ് ദാനവേന്ദ്രനും ദാരികനും. അസുരകുലത്തിനുണ്ടായ നാശത്തെക്കുറിച്ചുമനസ്സിലാക്കിയ ദാരികൻ ബ്രഹ്മാവിനെ തപസ്സുചെയ്ത് പ്രീതിപ്പെടുത്തി. 'മനുഷ്യരാലോ, കല്ലുകൊണ്ടോ, ഇരുമ്പുകൊണ്ടോ, മറ്റ് ആയുധങ്ങൾകൊണ്ടോ, രാത്രിസമയത്തോ പകൽസമയത്തോ നിന്നെ വധിക്കാൻ സാധിക്കുകയില്ല' എന്ന വരം ബ്രഹ്മാവിൽനിന്നും നേടിയെടുത്തു. സംതൃപ്തനായി മടങ്ങുന്ന ദാരികനോട് സ്ത്രീകളാൽ വധിക്കപ്പെടാതിരിക്കാനുള്ള വരം നേടിയിട്ടില്ല എന്ന് ബ്രഹ്മാവ് ഓർമ്മപ്പെടുത്തുന്നുണ്ട്. എന്നാൽ അബലകളുമായി യുദ്ധം ചെയ്യുന്നതിന് വരം ആവശ്യമില്ലെന്ന ദാരികന്റെ അഹങ്കാരവാക്കുകളിൽ കോപംപൂണ്ട ബ്രഹ്മാവ് പോരിൽ ഒരു ദിവ്യനാരി ദാരികനെ വധിക്കുമെന്ന ശാപവചനവും നല്കി. പ്രസ്തുത ശാപം പിന്നീട് ദാരികനിഗ്രഹത്തിന് കാരണമായിത്തീർന്നു. ദാരികവധത്തിനുശേഷം കലിപൂണ്ടിളകിയ കാളിയുടെ കോപം ശമിപ്പിക്കുന്നതിന് ശിവൻ സുബ്രഹ്മണ്യനെകൊണ്ട് കോപി

ഷ്ഠയായ കാളിയുടെ രൂപം കോലത്തിൽ വരപ്പിച്ചു. ഇതുദർശിച്ച് കാളിയുടെ കോപം ശമിച്ചു. പ്രചാരത്തിലുള്ള പടയണിയുടെ ഐതിഹ്യം ഇപ്രകാരമാണ്.

2. ചടങ്ങുകൾ

ആദ്യകാലത്ത് ഇരുപത്തിയെട്ടുദിവസം നീണ്ടുനിന്ന പടയണിയുടെ ചടങ്ങുകൾ ഇന്ന് എട്ടുദിവസങ്ങളായി ചുരുങ്ങി. ആദ്യചടങ്ങ് ചൂട്ടുവെയ്പ്പാണ്. അതിനുശേഷം പച്ചത്തപ്പ് കൊട്ടൽ ആരംഭിക്കുന്നു. ദേവിയെ പടയണി കാണുന്നതിന് പടയണിക്കളത്തിലേക്ക് എഴുന്നള്ളിക്കുന്ന ചടങ്ങാണ് ഇത്. പിറ്റേന്ന് കൊടിമരംനാട്ടൽച്ചടങ്ങ് ആരംഭിക്കുന്നു. മൂന്നാംദിവസം കാച്ചിക്കൊട്ടാണ്. തപ്പ് ചൂടാക്കി പതം വരുത്തി കൊട്ടുന്ന ചടങ്ങാണ് കാച്ചിക്കൊട്ട്. ഇത് പടയണിയുടെ അവസാനംവരെ തുടർന്നുപോകുന്നു. മറുത, പക്ഷി, മാടൻ തുടങ്ങിയുള്ള കോലങ്ങളുടെ എഴുന്നള്ളിപ്പും ഇതോടനുബന്ധിച്ചുണ്ടാവും. എട്ടാംദിവസമാണ് വല്യപടയണി. പുലവൃത്തം, പാന, അടവി, നായാട്ടുവിളി, പകൽപടയണി എന്നിവ വരും ദിവസങ്ങളിൽ നടത്തി ചടങ്ങുകൾ അവസാനിപ്പിക്കുന്നു.

ഗണപതി, മറുത, യക്ഷി, കുതിര, ഭൈരവി, കാലൻ, പക്ഷി, മാടൻ, ഗന്ധർവ്വൻ എന്നീ കോലങ്ങൾ പടയണിയിൽ പ്രാധാന്യം അർഹിക്കുന്നവയാണ്. ഓരോ കോലങ്ങൾക്കും അതിന്റേതായ രൂപവും വിശ്വാസവും നിലനിർത്തിക്കൊണ്ടുതന്നെയാണ് പടയണിച്ചടങ്ങുകളിൽ ഇവയെ അവതരിപ്പിക്കുന്നത്. ഈ കലാരൂപത്തെ വിനോദപ്രദമാക്കുന്നതിനുള്ള ചില പൊടിക്കൈകളും പ്രയോഗിക്കുന്നുണ്ട്. ചില വിനോദകഥാപാത്രങ്ങളുടെ അവതരണത്തിലൂടെ സമൂഹത്തിൽ നടമാടുന്ന നന്മതിന്മകളെ പരിഹാസരൂപേണ രംഗത്തെത്തിക്കുന്നു. പ്രേക്ഷകർക്കുണ്ടാകാവുന്ന വിരസത ലഘൂകരിക്കുക എന്നതുകൂടിയാണ് ഈ ഹാസ്യകഥാപാത്രങ്ങളുടെ അവതരണലക്ഷ്യം.

ദേവസ്തുതികൾ മുതൽ സാമൂഹികവിമർശനം വരെ പടയണിപ്പാട്ടുകളിലൂടെ ആകർഷകമായി വിവരിക്കുന്നുണ്ട്. തലമുറകളിലൂടെ കൈമാറിവന്നവയാണ് ഇവയെങ്കിലും അവയുടെ ഓജസ്സും ഊർജ്ജവും നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കുന്നു എന്നത് അഭിമാനാർഹമാണ്. ഈ പാട്ടുകളുടെ കർതൃത്വം അജ്ഞാതമാണെങ്കിലും, അവയിലൂടെ ദൃശ്യമാകുന്ന ദാർശനികാംശങ്ങളും, ചരിത്രവീക്ഷണങ്ങളും അന്യാദൃശങ്ങളാണ്. ഭാഷാപരമായ പ്രത്യേകത വച്ചുനോക്കുമ്പോൾ തമിഴ്, മലയാളം എന്നീ ഭാഷകളുടെ സങ്കലനം പടയണിപ്പാട്ടുകളെ വ്യത്യസ്തമായ ഒരു ഗാനശാഖയാക്കി മാറ്റുന്നു.

അധ്യായം രണ്ട്

ഭാഷ

അഭിവൃദ്ധികൊണ്ടും സാഹിത്യപുരോഗതികൊണ്ടും അഗ്രിമസ്ഥാനം അലങ്കരിക്കുന്ന ഒരു ഭാഷയുടെ പ്രാചീന-മധ്യ-ആധുനികഘട്ടങ്ങളിലൂടെ കൈവന്ന പുരോഗതി നിരവധി വികാസപരിണാമങ്ങൾക്കും കളമൊരുക്കി. ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ എന്നീ മാർഗ്ഗദർശികളുടെ ശ്രമഫലമായി പല കാവ്യശാഖകളും ഉണ്ടാവുകയും അവ കൈരളിയെ പോഷിപ്പിക്കുകയും ചെയ്തു. ഏ.ഡി. 12-ാംനൂറ്റാണ്ടോടുകൂടി പാട്ട്, മണിപ്രവാളം എന്ന രണ്ടു ഭാഷാശാഖകളും ഉരുത്തിരിഞ്ഞുവന്നു. മലയാളഭാഷയുടെ തനിമനിലനിർത്തുന്ന ഒരു ഗാനശാഖയായി നാടൻപാട്ടുകളും വളർന്നുവന്നു. വാമൊഴിയിലൂടെ കൈവന്ന പ്രസ്തുത ശാഖയുടെ സ്വഭാവം തന്നെയാണ് പടയണിപ്പാട്ടുകളിലും പുലർന്നു കാണുന്നത്.

ഗ്രാമീണപദപ്രയോഗങ്ങളും ശൈലികളും കൊണ്ട് പടയണിപ്പാട്ടുകൾ വ്യത്യസ്തത പുലർത്തുന്നു. ലാളിത്യം, താളാത്മകത, ആർജ്ജവം, വൈകാരികത എന്നിവ പടയണിപ്പാട്ടുകളിൽ അനുഭവവേദ്യമാണ്. അനുഷ്ഠാനവുമായി ബന്ധമുണ്ട് എന്ന സവിശേഷത കൂടിയായപ്പോൾ പടയണി ഒരു വ്യത്യസ്തകലാരൂപമായി.

1. കോലങ്ങൾ

പടയണിയിൽ വിവിധതരം കോലങ്ങളെ അവതരിപ്പിക്കുന്നുണ്ട്. ഓരോ കോലത്തിനുവേണ്ടിയും ആലപിക്കുന്നപാട്ടുകളിൽ ഭാവവൈവിധ്യം ഉണ്ട്. പിശാചുകോലത്തിന്റെ പാട്ടുകൾക്ക് പഴക്കം കല്പിക്കാവുന്നതാണെങ്കിൽ, യക്ഷിക്കോലങ്ങളുടെ പാട്ടുകൾ സങ്കീർണ്ണതയുളവയാണ്. അതീവപാടവത്തോടെ വർണിക്കുന്നവയാണ് യക്ഷിക്കോലങ്ങളുടെ ചരിതങ്ങൾ. മാതൃഭാവവും നർമഭാവവും ഭക്തിഭാവവും ഉൾക്കൊണ്ടകോലമാണ് മറുതാക്കോലം. ഗ്രാമീണപദപ്രയോഗങ്ങളാൽ സമ്പന്നമാണ് മാടൻകോലം. ഭാഷാപ്രയോഗത്തിലും വർണനകളിലും പടയണിക്കവികൾ കൃതഹസ്തരായിരുന്നുവെന്ന് ഭൈരവിക്കോലത്തിന്റെ പാട്ടുകൾ തെളിയിക്കുന്നു. അർത്ഥസമ്പുഷ്ടിയിലും ഭാവസൗകുമാ

ര്യത്തിലും മുൻപന്തിയിലാണ് കാലൻകോലം. ദ്വിതീയാക്ഷരപ്രാസദീക്ഷകൊണ്ട് ഈ പാട്ടുകൾ വർണനയിലും ഭാവത്തിലും അർത്ഥഗരിമയിലും മുന്നിട്ടു നില്ക്കുന്നു.

എല്ലാകോലങ്ങളുടെ പാട്ടുകളിലും പൊതുവായ ചില സവിശേഷതകൾ തെളിഞ്ഞു കാണാം. സംഖ്യാപദങ്ങളുടെ ഉപയോഗം, ഉപമാവാചകപദങ്ങളുടെ പ്രയോഗം, അക്ഷര മാലാക്രമം, പദങ്ങളുടെ ആവർത്തനം, അലങ്കാരകല്പനകൾ, വൃത്തസന്നിവേശം എന്നിവ എല്ലാ കോലങ്ങളുടെ പാട്ടുകളിലും കാണാം. തമിഴ്, മലയാളം, സംസ്കൃതം എന്നീ മൂന്നു ഭാഷകളുടെ സങ്കലനവും ഭംഗിയായി നിർവ്വഹിച്ചിരിക്കുന്നു. തമിഴ് രീതികളോടാണ് പാട്ടുകൾക്ക് കൂടുതൽ ചായ്വുള്ളത്. വാമൊഴിയായി പ്രചരിച്ചതുനിമിത്തം പാട്ടുകൾ പ്രാദേശികഭേദങ്ങൾക്ക് വശംവദമാണെന്നുകൂടി പറയാവുന്നതാണ്.

2. പുലവൃത്തം

പുലവൃത്തപ്പാട്ടുകൾ ദ്രാവിഡഗോത്രജരും പുലയസമുദായത്തിൽപ്പെട്ടവരുമായ കവികൾ എഴുതിയതാണെന്ന് കരുതപ്പെടുന്നു. പുലവൃത്തത്തിന്റെ 'പൂതനാമോക്ഷം' എഴുതിയത് കവിയൂർ കൊച്ചുചെറുക്കൻ ജോത്സ്യൻ ആണെന്നും 'കാഴ്ചയുണ്ടിതുമേടമാസത്തിൽ' എന്നുതുടങ്ങുന്ന പാട്ട് തപസ്സിത്തമ്പുരാൻ എഴുതിയതാണെന്നും പറയപ്പെടുന്നു. ഓരോ പാട്ടുകളും പ്രാചീനവും ഗ്രാമ്യവുമായ ഭാഷയിലാണ് രചിച്ചിരിക്കുന്നത്. താളബദ്ധവും സംഗീതാത്മകവുമാണ് പുലവൃത്തപ്പാട്ടുകൾ. തെയ്, ഏലേലം എന്നിങ്ങനെ വരികളുടെ അവസാനം പ്രയോഗിക്കുന്ന രീതി പാട്ടുകളിൽ ദൃശ്യമാണ്. എഴുത്തച്ഛന്റെ കിളിപ്പാട്ടു രീതിയേയും ചെറുശ്ശേരിയുടെ ഭാഷാശൈലിയേയും ഓർമിപ്പിക്കുന്ന രചനാരീതി പുലവൃത്തപ്പാട്ടിൽ ഉണ്ട്.

മലയാളഭാഷയുടെ വികാസത്തിനുമുമ്പുള്ള ചില പദപ്രയോഗങ്ങളും പാട്ടിൽ ഉടനീളം കാണാം. അനുനാസികാതിപ്രസരം വരാത്തരൂപവും ദ്വിതീയാക്ഷരപ്രാസം ദീക്ഷിച്ചവരികളും പുലവൃത്തപ്പാട്ടിലുണ്ട്. 'ക്ഷ', 'ങ്ങ' എന്നീ അക്ഷരങ്ങൾക്കുപകരം 'ച്ച', 'ങ്ക' എന്നീ അക്ഷരങ്ങൾ ഉപയോഗിക്കുന്ന രീതി പാട്ടുകളിൽ ഉണ്ട്. മാത്രയുടെ കുറവ് നികത്താൻവേണ്ടി ആ, ഏ, ഓ എന്നീ അക്ഷരങ്ങൾ പാട്ടുകളിൽ പ്രയോഗിച്ചിരിക്കുന്നു.

3. വിനോദം

സദസ്സിനെ പൊട്ടിച്ചിരിപ്പിക്കാനും ചിന്തിപ്പിക്കാനും വഴിയൊരുക്കുന്ന വിനോദത്തിൽ ഒട്ടനവധി കഥാപാത്രങ്ങൾ രംഗപ്രവേശം ചെയ്യുന്നുണ്ട്. ഓരോ കഥാപാത്രത്തിനും അനുയോജ്യമായ ഭാഷാരീതിയും നല്കപ്പെട്ടിട്ടുണ്ട്. ഭാഷയുടേയും ഭാവത്തിന്റേയും കാര്യത്തിൽ മുൻപന്തിയിൽ നില്ക്കുന്ന കഥാപാത്രമാണ് പരദേശി. ഗുരുശിഷ്യബന്ധത്തെ ഹാസ്യാത്മകമായി അവതരിപ്പിക്കുന്ന വിനോദയിനമാണ് ആശാനുംശിഷ്യനും. പഴയകാലത്തെ നാടൻനൃത്തങ്ങൾക്ക് ഉപയോഗിച്ചുവരുന്ന താളപ്രധാനമായ ഗാനങ്ങളാണ് കവിത്തങ്ങൾ. ഇവയുടെ പ്രയോഗങ്ങൾ കാക്കാലൻ എന്ന വിനോദയിനത്തിലൂടെ അവതരിപ്പിക്കുന്നു.

പടയണിഭാഷയ്ക്കും അതിന്റെ വ്യാകരണശാസ്ത്രത്തിനും കാരണമായേക്കാവുന്ന ഒരു അക്ഷരമാല പടയണിക്കുണ്ട്. അക്ഷരമാലയ്ക്ക് ദ്രാവിഡകുടുംബത്തോടുള്ള ബന്ധം സുനിശ്ചിതമാണ്. വർഗാക്ഷരവിഭാഗത്തിൽപ്പെട്ട അതിഖരം, മൃദു, ഘോഷം എന്നിവയും ഊഷ്മാക്കളും പടേനിയുടെ അക്ഷരമാലയിൽനിന്നും തീർത്തും ഒഴിവാക്കപ്പെട്ടിരിക്കുന്നു. വീരശൃംഗാരഹാസ്യരസങ്ങൾ അംഗങ്ങളായും ശാന്തരസം അംഗിയായും പടയണിപ്പാട്ടിൽ സ്ഥാനമുറപ്പിക്കുന്നു. വ്യത്യസ്ത പ്രാദേശികഭാഷാരീതികൾ സമ്മേളിക്കുന്ന ഒന്നാണ് പടയണിപ്പാട്ട്. പ്രാചീനഭാഷ മുതൽ ആധുനികഭാഷവരെ പടയണിപ്പാട്ടിൽ സമന്വയിക്കുന്നു.

അധ്യായം മൂന്ന്

ആഖ്യാനം

മനുഷ്യജീവിതവുമായി ബന്ധപ്പെട്ടുനില്ക്കുന്നഒന്നാണ് ആഖ്യാനം.ആഖ്യാനത്തിന്റെ മേഖല സിനിമ, മിത്ത്, ഐതിഹ്യം, ഇതിഹാസം, നാടകം, നോവൽ, കഥ, സംഭാഷണം, ചരിത്രം എന്നിവയിലൂടെ വ്യാപിച്ചുകിടക്കുന്നു. കഥ പറയാനും കേൾക്കാനുമുള്ള കൗതുകം മനുഷ്യസഹജമാണ്. എല്ലാ ജനങ്ങൾക്കും അവരുടേതായ കഥാസമ്പത്തുണ്ട്. ഓരോ കഥാകാരനും എഴുതുമ്പോൾ അയാളുടെ കാഴ്ചപ്പാടിലും ശൈലിയിലും വ്യത്യാസം അനുഭവപ്പെടുന്നു. എഴുത്തുകാരന്റെ സംവേദനത്തിന് ഇളക്കം തട്ടിക്കുന്നത് ചിലപ്പോൾ ഒരാഖ്യാനമായിരിക്കാം. ഒരെഴുത്തുകാരന്റെ സർഗ്ഗശക്തിക്ക് അനുഗുണമായിട്ടായിരിക്കും വിഷയം തിരഞ്ഞെടുക്കുന്നത്. സംസ്കൃതത്തിന്റെ ചുവടുപിടിച്ചുകൊണ്ടാണ് മലയാളത്തിൽ ആഖ്യാനങ്ങൾ അധികവും ഉണ്ടായത് . പടയണിപ്പാട്ടിലും ആഖ്യാനമാതൃകകൾ കണ്ടെത്താം. ദാരികവധം, അജാമിളമോക്ഷം, മാർക്കണ്ഡേയചരിതം, ശിവമാഹാത്മ്യം, ചണ്ഡമുണ്ഡവധം, ശുംഭനിശുംഭവധം എന്നീ കഥകൾ പടയണിപ്പാട്ടിൽ ആവിഷ്കരിക്കുന്നു. അസ്വാഭാവികസംഭവങ്ങളുടെ അവതരണത്തിലൂടെ ദൈവവിശ്വാസത്തെ ജനങ്ങളിലുറപ്പിക്കുകയും അതുവഴി ദൈവകോപം, ദുരിതം, മാറാവ്യാധി തുടങ്ങിയവയിൽനിന്നും രക്ഷനേടാമെന്ന് ഈ കഥകളിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുന്നു.

എഴുത്തുകാരന്റെ ഒരു വസ്തുവിന്റെ എല്ലാ അംശങ്ങളേയും ആവിഷ്ക്കരിക്കുന്നത് മൂന്ന് സന്ദർഭങ്ങളിലൂടെയാണ്. ഉത്തമപുരുഷാഖ്യാനം, ഗ്രന്ഥകാരാഖ്യാനം, കല്പിതാഖ്യാനം എന്നിവയാണവ. വിനോദകഥാപാത്രങ്ങളുടെ ആവിഷ്ക്കരണം ഉത്തമപുരുഷാഖ്യാന മാതൃകകളാണ്. കോലങ്ങളിലെ പുരാവൃത്തങ്ങൾ കല്പിതാഖ്യാനങ്ങളാണ്. ശ്ലോകങ്ങൾ ഗ്രന്ഥകാരാഖ്യാനത്തിന് ഉദാഹരണങ്ങളാണ്.

1. കോലങ്ങൾ

കോലങ്ങളുടെ പാട്ടിൽ പലവിധ കഥകളും ആവിഷ്ക്കരിക്കുന്നു. പടയണിപ്പാട്ട് കേൾക്കുന്നവർക്ക് ഒരിമ്പം ഉണ്ടാകാൻവേണ്ടിയാകാം കഥകളെ സൂചിപ്പിക്കുന്നത്. കാലൻകോലത്തിൽ മാർക്കണ്ഡേയകഥയെ സവിസ്തരം പ്രതിപാദിക്കുന്നു. ബ്രാഹ്മണദമ്പ

തികൾ, മാർക്കണ്ഡേയബാലൻ, ശ്രീപരമേശ്വരൻ, ശിവഭൂതഗണങ്ങൾ, യമധർമൻ, ചിത്രഗുപ്തൻ, കാലൻ, കാലദൂതന്മാർ, തുടങ്ങിയുളള കഥാപാത്രങ്ങൾ ഇതിവൃത്തവികസനത്തിന് പങ്കുവഹിക്കുന്നു. കഥാപാത്രങ്ങളുടെ സംഭാഷണത്തിലൂടെയല്ല, മറിച്ച് പാട്ടുകാരുടെ ശ്ലോകങ്ങളിലൂടെയും പാട്ടുകളിലൂടെയുമാണ് ഇതിവൃത്തം വികസിക്കുന്നത്. നടന്റെ അഭിപ്രായരീതിയിലും ഇതിവൃത്താവിഷ്ക്കാരത്തിലുമുളള മികവുകൊണ്ടാണ് കാലൻകോലം നിലകൊളളുന്നത്. അജാമിളമോക്ഷകഥയും ശിവമാഹാത്മ്യകഥയും പ്രസ്തുതകോലത്തിൽ ഇതിവൃത്തമായി സ്വീകരിക്കാറുണ്ട്. ഉലകുടപെരുമാൾ എന്ന സങ്കല്പകഥാപാത്രമാണ് കുതിരക്കോലത്തിലുളളത്.

പുലവൃത്തപ്പാട്ടിൽ ദാരികവധം, രാമായണഭാരതാദികഥകൾ എന്നിവ പ്രതിപാദിക്കുന്നു. കിളിയെക്കൊണ്ട് കഥപറയിക്കുന്ന രീതി പടയണിപ്പാട്ടിലും ദൃശ്യമാണ്.

2. വിനോദം

വിനോദകഥാപാത്രങ്ങളുടെ സംഭാഷണത്തിലൂടെ ഇതിവൃത്തത്തിന് ഊടുംപാവും നല്കാൻ കഴിഞ്ഞിട്ടുണ്ട്. പടയണിയിലെ ഇതിവൃത്തവുമായി ഇവയ്ക്ക് നേരിട്ടുബന്ധമില്ല. വിഷയത്തിൽനിന്നും വഴിവിട്ടുപോകാതെ കരക്കാരുടെ ചോദ്യത്തിനനുസരണമായ മറുപടി നല്കി പടയണിനാടകത്തെ മുമ്പോട്ടുനയിക്കുന്നു. ആഖ്യാനത്തിന് സഹായകമാകുംവിധം ഒരു വിഷയത്തിലൂടെ പടയണി മുന്നോട്ടുപോകുന്നു. സംഘർഷനിർഭരമായി നിറഞ്ഞാടി കോലം ഒഴിയുന്ന ഇടത്തിലേക്ക് കളം മുഷിയാതെ വിനോദക്കാർ കയറിവരുന്നു. ഇതിവൃത്തം പുരാണങ്ങളുമായോ ചരിത്രവുമായോ ഐതിഹ്യകഥകളുമായോ ബന്ധപ്പെട്ടുവരുമ്പോൾ ഗ്രാമീണജീവിതം നയിക്കുന്ന അന്തോനിയും ശർക്കരക്കുടക്കാരനും മറ്റും അവരുടെ സാമൂഹികപരിസരത്തിന്റെ നേർകാഴ്ചകളായി മാറുന്നു.

അധ്യായം നാല്

സാമൂഹികാംശങ്ങൾ

നാനാജാതിജനങ്ങളുടെ പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമാണ് പടയണി. പ്രാചീന കാലം മുതൽ മനുഷ്യർ മണ്ണിനോടും പ്രകൃതിയോടും സഹജീവികളോടും പുലർത്തുന്ന സമീപനം പടയണിയിൽ ഉണ്ട്. കൂട്ടായ്മയോടെ പ്രവർത്തിക്കുന്ന മനുഷ്യരുടെ ഐക്യമാണ് ഇവിടെ തെളിയുന്നത്. കൃഷി, ജാതിവിഭാഗങ്ങൾ, മതമൈത്രി, പ്രകൃത്യാരാധന എന്നിങ്ങനെയുള്ള സാമൂഹികഘടകങ്ങൾ പടയണിയിൽ കാണാം. സവർണ്ണാവർണ്ണഭേദമെന്യേ കരവാസികളൊന്നടങ്കം പങ്കാളികളാവുന്ന പടയണി, തീണ്ടലും തൊടീലുമൊന്നുമില്ലാത്ത സമത്വാധിഷ്ഠിതമായ കാലഘട്ടത്തെ അനാവരണം ചെയ്യുന്നു. ഭദ്രകാളീപൂജയ്ക്കുവേണ്ടി ഒരുക്കിയിട്ടുള്ള ദേവാലയങ്ങൾക്കു മുമ്പിലിരുത്തി വർണശബളങ്ങളായ കോലങ്ങൾ കെട്ടിച്ച് ഭക്തന്മാരെക്കൊണ്ട് ദേവീക്ഷേത്രത്തിനുചുറ്റും നൃത്തം ചെയ്യിക്കുന്നവയാണ് പടയണിപ്പാട്ടുകൾ. പ്രാക്തനാരാധനാരീതി, ശൈവാരാധന, വൈഷ്ണവാരാധന എന്നിവയും പടയണിയിൽ കാണാം.

1. കോലംതുള്ളൽ

പടയണിപ്പാട്ടുകളിൽ പകുതിയിലധികവും കോലപ്പാട്ടുകളാണ്. പടയണിയിലെ ഓരോ കോലവുമായി ബന്ധപ്പെട്ട് ഓരോ വിശ്വാസങ്ങൾ ഉണ്ട്. രോഗബാധ, പ്രകൃതിനാശം, മരണഭയം എന്നിവയ്ക്ക് പരിഹാരം കോലംതുള്ളുന്നതിലൂടെ മാറുന്നു എന്നാണ് വിശ്വാസം. സ്ത്രീസ്വഭാവത്തിന്റെ സൂക്ഷ്മതലങ്ങളെ മറുതാക്കോലത്തിലൂടെ എടുത്തുകാട്ടുന്നു. രോഗാദിദുർമരണങ്ങൾ ഒഴിഞ്ഞുപോയി ആരോഗ്യമുള്ള ഒരു സമൂഹത്തെ വിഭാവനം ചെയ്യുന്നു എന്ന് മറുതാക്കോലം തുള്ളിക്കുന്നതിലൂടെ വെളിവാകുന്നു. പ്രകൃതിയുടെ പ്രതിരൂപമായ ഭൈരവി കൃഷിനാശങ്ങൾ തടഞ്ഞ് ഐശ്വര്യലബ്ധിയ്ക്കായി പ്രാർത്ഥിക്കുന്നു. ഇന്ന് നടപ്പില്ലാത്ത പൂജാവിധിക്രമങ്ങളെപ്പറ്റിയും, പടയണി ഉത്സവത്തെക്കുറിച്ചും പാട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

ഭൂതപ്രേതപിശാചാദിദുർഭൂതങ്ങളുടെ ബാധകളിൽനിന്ന് മോചനം നേടാൻ ആദിജനസമൂഹം നടത്തിവന്നിരുന്ന ആഭിചാരവൃത്തി എന്ന നിലയിലാണ് പിശാചുകോലത്തിന്റെ

പ്രസക്തി. അലഞ്ഞുനടക്കുന്ന ആത്മാക്കൾക്ക് ശാന്തി ലഭിക്കാനായി മാടൻകോലവും കുട്ടികളിൽ പക്ഷിപീഡ ഏല്ക്കാതിരിക്കാൻവേണ്ടി പക്ഷിക്കോലവും തുളളുന്നു. അധികാരമൂർത്തിയായ ഉലകുടപെരുമാളുടെ ചരിത്രം വർണിക്കുന്ന കോലമാണ് കുതിരക്കോലം. വാണിജ്യബന്ധത്തിന്റെ സൂചന ഈ കോലത്തിന്റെ പാട്ടിൽ കാണാം. പടയണിക്കോലങ്ങളുടെ രാജാവായ കാലൻകോലത്തിൽ മാർക്കണ്ഡേയന്റെ ജന്മകഥ വിവരിക്കുന്നു. സ്ത്രീരോഗങ്ങളിൽനിന്നുളള മുക്തിയും ശത്രുസംഹാരവുമാണ് യക്ഷിക്കോലങ്ങൾ തുളളിക്കുന്നതിനുപിന്നിൽ നിഴലിക്കുന്ന വിശ്വാസം.

2. പുലവൃത്തം

ദേവതാനുഗ്രഹത്താലുണ്ടാകുന്ന സുഖത്തിനും സമ്പൽസമൃദ്ധിക്കും പകരമായി മനുഷ്യർ അവനറിയാവുന്ന നൃത്തത്തിലൂടെ പ്രകടിപ്പിക്കുന്ന അനുഷ്ഠാനമാണ് പുലവൃത്തം. വയലേലകളിലെ കൃഷിപ്പണികളുടെ അനുകരണമാണ് പുലവൃത്തത്തിലൂടെ പുനരാവിഷ്ക്കരിക്കുന്നത്. വിഘ്നേശ്വരസ്തുതിയോടെയാണ് പുലവൃത്തപ്പാട്ട് ആരംഭിക്കുന്നത്. രാമായണം, പൂതനാമോക്ഷം, കാളിയമർദ്ദനം, എന്നീ കഥകളും വേദാന്തം, തത്വചിന്ത എന്നിവയും പാട്ടിലുൾപ്പെട്ടിട്ടുണ്ട്. ദാരികവധത്തിനുശേഷമുളള സമൂഹത്തിന്റെ സന്തോഷമാണ് പുലവൃത്തത്തിൽ അനാവരണം ചെയ്യുന്നത്. പഞ്ചഭൂതങ്ങൾ, സദാചാരങ്ങൾ, പടയണിയുടെ ചടങ്ങുകൾ എന്നിവയെക്കുറിച്ചും വിവരിക്കുന്നു.

3. വിനോദം

ജനതയുടെ സാമൂഹികസാംസ്ക്കാരികജീവിതത്തിലേക്ക് വെളിച്ചം വീശുന്നവയാണ് വിനോദങ്ങൾ. പരിഹാസാത്മകങ്ങളായ ഫലിതങ്ങളിലൂടെ വിമർശനം നടത്തി ദുർവ്വാസനകളെ ഇല്ലായ്മചെയ്ത് സമൂഹത്തെ ശുദ്ധീകരിക്കുകയാണ് വിനോദത്തിലൂടെ ചെയ്യുന്നത്. സമൂഹത്തിൽ നടക്കുന്ന മാറ്റങ്ങളേയും വികാസങ്ങളേയും ക്രാന്തദൃഷ്ടിയോടുകൂടി വീക്ഷിക്കുകയും വൈകല്യങ്ങളെ ഹാസ്യഭാവം കലർത്തി വിലയിരുത്തുകയും ചെയ്യുന്നു. ഗ്രാമത്തിന്റെ കഥ പറയുന്ന അന്തോനി, പരദേശി, വാല്യക്കാരൻ, പട്ടരുംപെണ്ണും, കൊങ്ങിണിപ്പട്ടർ, ഊട്ടുപട്ടർ, മാസപ്പടി, കുഞ്ഞിരിക്കമഹർഷി തുടങ്ങിയ കഥാപാത്രങ്ങൾ ഹാസ്യത്തിന്റെ അതിർവരമ്പുകൾ തേടുന്നവരാണ്. ഓരോ ജനവിഭാഗത്തിന്റേയും സ്വഭാവത്തെ

എടുത്തുകാട്ടുവാനും പരിഹസിക്കുവാനുമുള്ള ശ്രമം വിനോദങ്ങളിൽ കാണാം. ദേശംമുഴുവൻ സഞ്ചരിച്ച് വാർത്തകൾ എത്തിച്ചുകൊടുക്കുന്നവരാണ് പരദേശികൾ.

വിനോദകഥാപാത്രങ്ങൾക്ക് പ്രത്യേകം ചിട്ടപ്പെടുത്തിയ പാട്ടുകൾ ഓരോ കഥാപാത്രവും അവരുടെ ഭാഷയിലൂടെ ചൊല്ലുന്നു. പാട്ടുകളിൽ സംഘകാലത്തിന്റെ പൊരുളുകൾ തെളിഞ്ഞുകാണാം. വട്ടെഴുത്ത് ലിപിയെക്കുറിച്ചുള്ള സൂചന പരദേശിയുടെ പാട്ടിൽ ദർശിക്കാം. കളരിപാരമ്പര്യം, ഗുരുശിഷ്യബന്ധം, ചികിത്സാരീതികൾ എന്നിവയെപ്പറ്റിയും പരിഹാസരൂപേണ അവതരിപ്പിക്കുന്നു. സമൂഹത്തിലെ നന്മതിന്മകളേയും കൊള്ളരുതായ്മകളേയും എടുത്തുകാട്ടുകയാണ് വിനോദത്തിലൂടെ ചെയ്യുന്നത്. അതുവഴി സമൂഹത്തെ ശുദ്ധീകരിക്കുക എന്ന ലക്ഷ്യം കൂടി വിഭാവനചെയ്തിരിക്കുന്നു.

അധ്യായം അഞ്ച്

ഉപസംഹാരം

കാവ്യഭംഗികൊണ്ടും അർത്ഥഗാംഭീര്യംകൊണ്ടും സമ്പന്നമാണ് പടയണിപ്പാട്ടുകൾ. തിന്മയുടെ മേൽ നന്മയുടെ വിജയം ഉണ്ടാകുന്നു എന്നതാണ് പടയണിയുടെ സന്ദേശം. സാധാരണക്കാരനെ ആകർഷിക്കുന്ന രീതിയിലുള്ള ഭാഷാസമന്വയവും അതിൽ കാണാം. മലയാളം, തമിഴ്, സംസ്കൃതം എന്നീ ഭാഷാപദങ്ങളുടെ സമന്വയവും പടയണിയിൽ അനുഭവവേദ്യമാണ്. പടയണിപ്പാട്ടുകളെ മികവുറ്റതാക്കുന്നത് കാളീദാരികകഥപോലുള്ള ആഖ്യാന മാതൃകകളാണ്. കേരളീയജീവിതത്തിൽ സ്വാധീനം ചെലുത്തിയിട്ടുള്ള ആരാധനാക്രമങ്ങളും വിശ്വാസസംഹിതകളും മനസ്സിലാക്കുവാൻ ഉതകുന്നരീതിയിലാണ് പടയണിപ്പാട്ടുകൾ സജ്ജീകരിച്ചിട്ടുള്ളത്. ജാതിമതഭേദമന്യേ കൂട്ടായ്മയുടെ ആവിഷ്ക്കാരമാണ് പടയണി.